പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --6053 10.07.2012- ൽ മറുപടിക്ക്

<u>പ്രവാസി ലീഗൽ എയ്ഡ്സെൽ പ്രവർത്തനം</u>

<u>ചോദ്യം</u>

<u>ശ്രീ. എ. കെ. ബാലൻ</u>

(എ) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ലീഗൽ എയ്ഡ്സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് സെൽ പ്രവർത്തിക്കുന്നത് ; സെല്ലിന്റെ പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>

*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)*

(എ) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ലീഗൽ എയ്ഡ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ പ്രവർത്തനം അതാത് രാജ്യത്തെ ഇന്ത്യൻ എംബസ്സികളുടെ സഹകരണത്തോടെ മാത്രമെ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിയിലൂടെ ജയിലിൽ അടയ്ക്കപ്പെട്ടതും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നതുമായ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി എംബസ്സികളിൽ അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക – റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും പീഡിതർക്ക് എംബസിയിൽ എത്തിച്ചേരുന്നതിന് എംബസികൾ വഴി വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ വിവിധ മലയാളി സംഘടനകൾ, വിദേശത്തുള്ള നോർക്ക – റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ കൺസൾട്ടന്റുകൾ , എന്നിവർ മുഖാന്തിരം പ്രവർത്തനം ഏകോപിപ്പിക്കാനും ആലോചനയുണ്ട്.

| | |
|---|---|
| (ബി)കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 24 മണിക്കൂറും ഹെൽപ്പ്ലൈൻ സേവനം ലഭ്യമാക്കുന്ന ബിസിനസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് പ്രവർത്തനം ആരംഭിച്ചത് ; പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹെൽപ്പ്ലൈൻ സംവിധാനം നോർക്ക സെന്ററിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ 14 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബിസിനസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അവരുടെ നിക്ഷേപ താൽപര്യങ്ങളെയും സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും എൻ.ആർ.കെ ബിസിനസ് സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. നിക്ഷേപസാദ്ധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പുനരധിവാസ പാക്കേജുകൾ പ്രയോജനപ്പെടുത്തുന്ന തിരികെയെത്തിയ പ്രവാസികളെ സഹായിക്കുന്നതിനും എൻ.ആർ.കെ ബിസിനസ് സെന്റർ മുഖാന്തരം നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നോർക്ക കാൾ സെന്ററിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി 20 ലക്ഷം രൂപ ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തുകയും ബിസിനസ്സ് സെന്ററിനായി 50 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ